


# സമ്പൂർണ്ണകൃതികൾ: ഭാഗം III

കെ. ദാമോദരൻ

## 4. സ്ത്രീയും പുരുഷനും

# സമ്പൂർണ്ണകൃതികൾ: ഭാഗം III

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


4 സ്ത്രീയും പുരുഷനും . . . . . . . . . . . . . . . . . . . . . . 1

1 സ്ത്രീപുരുഷ ബന്ധത്തിൽ ഉണ്ടായ മാറ്റങ്ങൾ . . . . . . . . . . . . . . . . . . . . . 2

2 മാറ്റങ്ങളുടെ അടിസ്ഥാനം . . . . . . . 3

3 സ്ത്രീമേധാവിത്വത്തിൽ നിന്ന് പുരുഷമേധാവിത്വത്തിലേക്ക് . . . . . . . . . . . . . 4

4 ഏകപത്നീ വ്യവസ്ഥയും വ്യഭിചാരവും 5

5 മുതലാളിത്തത്തിലെ സ്ത്രീപുരുഷബന്ധം 6

6 മുതലാളിയുടെ സാന്മാർഗിക ബോധം 7

7 ഞെട്ടിപ്പിക്കുന്ന യാഥാർഥ്യങ്ങൾ . . . 8

8 കമ്യൂണിസ്റ്റ് വിരോധത്തിന്റെ അർത്ഥം 9

9 സോഷ്യലിസത്തിലെ സ്ത്രീപുരുഷബന്ധം 10

# 4
## സ്ത്രീയും പുരുഷനും

സ്ത്രീയും പുരുഷനും തമ്മിലുള്ള ലൈംഗികവും ജൈവശാസ്ത്രപരവുമായ ബന്ധങ്ങൾ മനുഷ്യസമുദായത്തിന്റെ ആരംഭം മുതൽക്കുതന്നെ നിലനിന്നുപോന്നിട്ടുണ്ട്. പക്ഷേ, ആ ബന്ധങ്ങൾ എല്ലായ്പ്പോഴും എല്ലായിടത്തും ഒരുപോലെയായിരുന്നിട്ടില്ല. ചരിത്രത്തിലുണ്ടായ മാറ്റങ്ങൾക്കനുസരിച്ച് സ്ത്രീപുരുഷബന്ധത്തിലും മാറ്റങ്ങളുണ്ടായിട്ടുണ്ട്. സമുദായത്തിലെ ഭൗതികോൽപ്പാദനശക്തികളുടെ വളർച്ച, മറ്റെല്ലാ സാമൂഹ്യസ്ഥാപനങ്ങളെയുമെന്നപോലെ കുടുംബബന്ധങ്ങളെയും മാറ്റിമറിച്ചിട്ടുണ്ട്. അതുകൊണ്ട് സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധം ശാരീരികവും ജൈവശാസ്ത്രപരവുമായ ബന്ധം മാത്രമല്ല, സാമൂഹ്യവും ചരിത്രപരവുമായ ബന്ധം കൂടിയാണ്.

## 1 സ്ത്രീപുരുഷ ബന്ധത്തിൽ ഉണ്ടായ മാറ്റങ്ങൾ

പത്തൊമ്പതാം നൂറ്റാണ്ടിലെ ഒരു സുപ്രസിദ്ധ സാമൂഹ്യശാസ്ത്രഗവേഷകനായിരുന്ന ലൂയി മോർഗൻ പ്രാചീന മനുഷ്യരുടെ കുടുംബബന്ധങ്ങളെ സസൂക്ഷ്മം പരിശോധിച്ചുകൊണ്ട് വിലപിടിച്ച ചില പൊതുതത്വങ്ങൾ ഉന്നയിക്കുകയുണ്ടായി. മനുഷ്യസമുദായത്തിന്റെ ആരംഭത്തിൽ പ്രോമിസ്ക്വിറ്റി എന്ന പേരിലറിയപ്പെട്ടിരുന്ന അനിയന്ത്രിത ലൈംഗികബന്ധമാണുണ്ടായിരുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഈ ഘട്ടത്തിൽ കുടുംബം അതിന്റെ ശരിയായ അർത്ഥത്തിൽ ആവിർഭവിച്ചുകഴിഞ്ഞിരുന്നില്ല. ലൈംഗിബന്ധത്തിൽ സാമൂഹ്യമായ യാതൊരു നിയന്ത്രണവുമുണ്ടായിരുന്നില്ല. സഹോദരനും സഹോദരിയും തമ്മിലുള്ള ബന്ധം പോലും നിഷിദ്ധമായിരുന്നില്ല. മൃഗങ്ങളുടേതിൽ നിന്നും വ്യത്യസ്തമല്ലാത്ത ഒരുതരം സ്ത്രീ പുരുഷബന്ധമായിരുന്നു അത്.

അതിനുശേഷം ചരിത്രപരമായ വളർച്ചയുടെ ഫലമായി സ്ത്രീപുരുഷബന്ധം ഒന്നിനുശേഷം മറ്റൊന്നായി രക്തബന്ധവിവാഹം, പുനാലുവൻ വിവാഹം, ദ്വന്ദ്വ വിവാഹം, പെടിയാർക്കൽ കുടുംബം, മോണോഗമി അല്ലെങ്കിൽ ഏകപത്നീവ്യവസ്ഥ എന്നിങ്ങനെ അഞ്ചു മുഖ്യരൂപങ്ങൾ കൈക്കൊണ്ടിട്ടുണ്ടെന്നും അനേകം ഉദാഹരണങ്ങളോടുകൂടി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഇങ്ങിനെ വ്യത്യസ്തങ്ങളായ പല രൂപങ്ങളെയും പിന്നിട്ടുകൊണ്ടാണ് സ്ത്രീപുരുഷബന്ധം ആധുനികകുടുംബവ്യവസ്ഥയിലെത്തിച്ചേർന്നത് എന്ന് വ്യക്തമാക്കിക്കൊണ്ട് അദ്ദേഹം എഴുതുന്നു:

> “തുടരെത്തുടരെ നാല് വിവാഹരീതികൾ ഉയരുകയും നശിക്കുകയും ചെയ്തു. ഇപ്പോൾ നാം അഞ്ചാമത്തേതായ ഒന്നിലെത്തിയിരിക്കുന്നുവെന്ന പരമാർത്ഥം സ്വീകരിച്ചുകഴിഞ്ഞാൽപ്പിന്നെ വരുന്ന ചോദ്യം ഇതാണ്. ഈ അഞ്ചാമത്തെ രീതി ഭാവിയിലെന്നും ശാശ്വതമായി നിൽക്കുമോ? ഇതിന് ഒരൊറ്റ മറുപടിയേയുള്ളൂ. മനുഷ്യസമുദായം വളരുന്നതോടൊപ്പം വിവാഹരീതിയും വളരുകതന്നെ ചെയ്യും. ഇതേവരെയെന്നപോലെ ഇനിയും മനുഷ്യസമുദായം മാറുന്നതോടൊപ്പം വിവാഹരീതിയും മാറും. മനുഷ്യസമുദായ ചരിത്രം പരിഷ്കാര കാലഘട്ടത്തിൽ പ്രവേശിച്ചതു മുതൽക്ക് ഏകഭാര്യത്വത്തിലും ഏകഭർതൃത്വത്തിലും വളരെ വമ്പിച്ച പരിഷ്കാരങ്ങൾ വന്നിട്ടുണ്ട്. ഈ പരിഷ്കാരം അടുത്തകാലത്തായി വളരെ യുക്തിയുക്തമായ നിലയിൽ പുരോഗമിക്കുന്നുമുണ്ട്. ആ സ്ഥിതിക്ക് അതിലിനിയും പരിഷ്കാരം വരുമെന്നും പൂർണമായ സ്ത്രീപുരുഷസമത്വം സ്ഥാപിക്കപ്പെടുമെന്നും കരുതുന്നതിൽ തെറ്റില്ല.”

## 2 മാറ്റങ്ങളുടെ അടിസ്ഥാനം

കുടുംബത്തിന്റെ ഉത്ഭവം എന്ന തന്റെ ഗ്രന്ഥത്തിൽ ഏംഗെൽസ് സ്ത്രീപുരുഷബന്ധത്തിലുണ്ടായ മാറ്റങ്ങളെ സവിസ്തരം പരിശോധിയ്ക്കുന്നുണ്ട്. ഉൽപാദനശക്തികളുടേയും ഉൽപാദന ബന്ധങ്ങളുടേയും മാറ്റങ്ങളുടെ ഫലമായിട്ടാണ് സ്ത്രീപുരുഷബന്ധത്തിന്റെ രൂപങ്ങളിൽ മാറ്റമുണ്ടായത് എന്നദ്ദേഹം വ്യക്തമാക്കുന്നു. ഉൽപാദനശക്തികളുടെ വളർച്ചയുടെ ഫലമായിട്ടാണ് കാടത്തത്തിൽ കഴിച്ചുകൂട്ടിയിരുന്ന മനുഷ്യർ അപരിഷ്കൃതത്വത്തിലൂടെ പരിഷ്കാരയുഗത്തിലേക്ക് മുന്നേറിയത് എന്നും ഈ ഓരോഘട്ടത്തിലും പ്രത്യേകം പ്രത്യേകം സ്ത്രീപുരുഷബന്ധങ്ങളുണ്ടായിരുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാണിയ്ക്കുന്നു.

ചരിത്രത്തിലെ ആരംഭഘട്ടം പ്രാകൃത കമ്മ്യൂണിസം എന്നപേരിലാണറിയപ്പെടുന്നത്. ലോകത്തിലെല്ലായിടത്തും ഇത്തരമൊരു ഘട്ടത്തിലൂടെ സമുദായം കടന്നുപോയിട്ടുണ്ട്. ഈ ഘട്ടത്തിലെ ഉൽപാദനബന്ധങ്ങളുടെ അടിസ്ഥാനം ഉൽപാദനോപകരണങ്ങളുടെ മേലുള്ള പൊതുവുടമാവകാശമായിരുന്നു.

മൃഗങ്ങളെ വേട്ടയാടൽ, മീൻപിടിയ്ക്കൽ, പ്രാകൃതമായ കൃഷിപ്രവൃത്തി, മൃഗങ്ങളെ പോറ്റിവളർത്തൽ ഇങ്ങനെ പടിപടിയായി ഉൽപാദനരീതി വളർന്നുപോന്ന ഒരു നീണ്ടകാലഘട്ടമായിരുന്നു അത്.

ഈ ഘട്ടത്തിന്റെ തന്നെ ആരംഭകാലവും അവസാനകാലവും ഒരു പോലെയായിരുന്നില്ല. ആരംഭത്തിൽ ഫലമൂലങ്ങൾ ശേഖരിയ്ക്കൽ, പ്രാകൃതരീതിയിലുള്ള വേട്ടയാടലും, മീൻപിടിത്തവും ഇതായിരുന്നു സാമ്പത്തിക വ്യവസ്ഥയുടെ അടിസ്ഥാനം. സ്ത്രീകൾ ഫലങ്ങൾ ശേഖരിയ്ക്കും. പുരുഷൻമാർ വേട്ടയാടും. മീൻപിടുത്തമാകട്ടെ രണ്ടുകൂട്ടരും നടത്തും.

ഈ ഘട്ടത്തിൽ സ്ത്രീപുരുഷന്മാർക്കു സമുദായത്തിൽ തുല്യമായ അവകാശങ്ങളാണുണ്ടായിരുന്നത്. പുരുഷൻമാർക്കുള്ളത്ര തന്നെ സ്വാതന്ത്ര്യം സ്ത്രീകൾക്കുമുണ്ടായിരുന്നു. കാരണം ഉൽപാദന വ്യവസ്ഥയിൽ മിക്കവാറും തുല്യമായ പങ്കാണ് അവർ വഹിച്ചുപോന്നത്.

ഈ ഘട്ടത്തിൽ കൂട്ടവിവാഹം അല്ലെങ്കിൽ യൂഥവിവാഹം എന്നറിയപ്പെട്ടിരുന്ന ഒരു തരം വിവാഹസമ്പ്രദായമാണ് നിലനിന്നിരുന്നത്. ഒരു ഗ്രൂപ്പിലെ അല്ലെങ്കിൽ യൂഥത്തിലെ പുരുഷൻമാർ അതേ യൂഥത്തിലെ സ്ത്രീകളെ വിവാഹം കഴിയ്ക്കുന്നില്ല. പക്ഷേ, മറ്റേതെങ്കിലുമൊരു യൂഥത്തിലെ എല്ലാ സ്ത്രീകളെയും കൂട്ടായി ഭാര്യമാരാക്കി വെയ്ക്കാം. ഒരു യൂഥത്തിലെ എല്ലാ പുരുഷൻമാരും മറ്റൊരു യൂഥത്തിലെ എല്ലാ സ്ത്രീകളേയും കൂട്ടായി വിവാഹം കഴിയ്ക്കുന്നു.

ഉൽപാദനശക്തികൾ കൂടുതൽ വളർന്നപ്പോൾ ഈ സ്ഥിതി മാറി. കൂട്ടവിവാഹം ദ്വന്ദ, വിവാഹത്തിനു വഴി മാറിക്കൊടുത്തു. ഒരു പുരുഷൻ ഒരു സ്ത്രീയെ വിവാഹം കഴിക്കും. പക്ഷേ, അതേ സമയത്തുതന്നെ പുരുഷനു മറ്റു സ്ത്രീകളേയും സ്ത്രീയ്ക്ക് മറ്റു പുരുഷൻമാരേയും സമീപിയ്ക്കാം. ഇഷ്ടമുള്ളപ്പോൾ വിവാഹബന്ധം വേർപെടുത്താം.

# 3 സ്ത്രീമേധാവിത്വത്തിൽ നിന്ന് പുരുഷമേധാവിത്വത്തിലേക്ക്

ഈ നീണ്ടകാലഘട്ടത്തിലത്രയും സ്ത്രീയാണ് സാമൂഹ്യ ജീവിതത്തിന്റെ നേതൃത്വം വഹിച്ചിരുന്നത്. ഉല്പാദനവ്യ വസ്ഥയിൽ സ്ത്രീയ്ക്കായിരുന്നു പ്രാധാന്യം. അതുകൊണ്ടു തന്നെ കുടുംബത്തിലും സ്ത്രീയ്ക്ക് പ്രാധാന്യം ലഭിച്ചു. മാതൃ മേധാവിത്വമാണ് സാമൂഹ്യജീവിതത്തിലെന്നതുപോലെ കുടുംബജീവിതത്തിലും നിലനിന്നുപോന്നത്.

എന്നാൽ ഉൽപാദനശക്തികൾ കൂടുതൽ വളർച്ചപ്രാപി യ്ക്കുകയും മൃഗങ്ങളെ പോറ്റിവളർത്തൽ എന്ന ഉൽപാദ നരീതി ഉയർന്നുവരികയും ഉൽപാദനോപകരണങ്ങൾ പുരുഷന്റെ നിയന്ത്രണത്തിലാവുകയും ചെയ്തപ്പോൾ മാ തൃമേധാവിത്വത്തിന്റെ സ്ഥാനത്ത് പിതൃമേധാവിത്വമാ വിർഭവിച്ചു. പുരുഷൻ എല്ലാറ്റിന്റേയും മേധാവിയായി. സ്ത്രീ അനാഥയും അടിമയുമായിത്തീർന്നു. ഉൽപാദനശ ക്തികളിലുണ്ടായ മാറ്റങ്ങളാണ് സ്ത്രീയ്ക്ക് സമുദായത്തിലു ള്ള സ്ഥാനത്തിന് ഇങ്ങനെ മാറ്റം വരുത്തിയത്.

സ്റ്റാലിൻ എഴുതുന്നു:

> സാമൂഹ്യോൽപാദനത്തിൽ പ്രധാനമായ പങ്ക് വഹി ക്കുകയും ഉൽപാദനത്തിന്റെ പ്രധാനമായ ചുമതല കൾ നിറവേറ്റുകയും ചെയ്യുന്ന വർഗം അല്ലെങ്കിൽ ഗ്രൂപ്പ് കാലക്രമത്തിൽ ഉൽപാദനത്തിന്റെ നിയന്ത്രണവും തീർച്ചയായും ഏറ്റെടുക്കുമെന്നാണ് ചരിത്രം പഠിപ്പിക്കു ന്നത്. മാതൃമേധാവിത്വം നിലനിന്നിരുന്ന ഒരു കാലമു ണ്ടായിരുന്നു. അക്കാലത്ത് ഉൽപാദനത്തിന്റെ യജ മാനത്തം വഹിക്കുന്നവരായിട്ടാണ് സ്ത്രീകൾ കരുത പ്പെട്ടിരുന്നത്. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ അക്കാലത്ത് നിലനിന്നിരുന്ന ഉൽപാദനത്തിൽ, പ്രാ കൃതാവസ്ഥയിലായിരുന്നു. കൃഷിപ്രവൃത്തിയിൽ, സ്ത്രീ കളാണ് പ്രധാനമായ പങ്ക് വഹിച്ചിരുന്നത്. അവർ ഉൽപാദനത്തിന്റെ പ്രധാനമായ ചുമതലകൾ വഹിച്ചു കൊണ്ടിരുന്നപ്പോൾ പുരുഷൻമാർ കാടുകളിൽ വേട്ട യാടിക്കൊണ്ട് അലഞ്ഞുതിരിയുകയായിരുന്നു. പിന്നീട് മറ്റൊരു കാലം വന്നു. പിതൃമേധാവിത്വമാവിർഭവിച്ചു. അക്കാലത്ത് ഉൽപാദനത്തിന്റെ മേധാവിത്വം പുരു ഷൻമാർക്കായി. എന്തുകൊണ്ടാണീ മാറ്റം സംഭവിച്ച ത്? എന്തുകൊണ്ടെന്നാൽ, മൃഗങ്ങളെ പോറ്റിവളർത്ത ലായിരുന്നു അക്കാലത്തെ പ്രധാനമായ ഉൽപാദന രീതി. കുന്തം, കയർ, അമ്പുംവില്ലും എന്നിവയായിരുന്നു പ്രധാനമായ ഉൽപാദനോപകരണങ്ങൾ. പുരുഷൻ മാരാണ് ഇതിൽ പ്രധാനമായ പങ്ക് വഹിച്ചിരുന്നത്...
> ”

## 4 ഏകപത്നീ വ്യവസ്ഥയും വ്യഭിചാരവും

പുരുഷൻ സ്വകാര്യസ്വത്തുടമയുടെ മേധാവിത്വം വഹിക്കാൻ തുടങ്ങിയതോടുകൂടിയാണ് കുടുംബത്തിലും പുരുഷന്റെ മേധാവിത്വമുറപ്പിയ്ക്കപ്പെട്ടത്. ഈ ഭൗതിക പരിതഃസ്ഥിതികളിലാണ് ഏകപത്നീവ്യവസ്ഥയാവിർഭവിച്ചത്. ഏംഗൽസ് എഴുതുന്നു:

> “ഒരേ വ്യക്തിയുടെ കയ്യിൽ, അതും പുരുഷന്റെ കയ്യിൽ, ഗണ്യമായ തോതിൽ സ്വത്തുകൾ കേന്ദ്രീകരിക്കുകയും ആ സ്വത്തുക്കൾ മറ്റാരുടെയും മക്കൾക്ക് കൊടുക്കാതെ പ്രസ്തുത പുരുഷന്റെ മക്കൾക്കുതന്നെ പിന്തുടർച്ചാവകാശമായി കൊടുക്കേണ്ട ആവശ്യം നേരിടുകയും ചെയ്തതിന്റെ ഫലമായിട്ടാണ് ഏകപത്നീ വ്യവസ്ഥ ആദ്യമായവിർഭവിച്ചത്. ഈ ഉദ്ദേശ്യത്തിന് സ്ത്രീയെ സംബന്ധിച്ചിടത്തോളം മാത്രമേ ഏകപത്നീവ്യവസ്ഥ ആവശ്യമായിരുന്നുള്ളു. പുരുഷനെ സംബന്ധിച്ചിടത്തോളം അതാവശ്യമായിരുന്നില്ല. അതുകൊണ്ടുതന്നെ സ്ത്രീയെ സംബന്ധിക്കുന്ന ഈ ഏകപത്നീ വ്യവസ്ഥ പുരുഷന്റെ ബഹുഭാര്യാഗമനത്തെ ഒരു തരത്തിലും തടഞ്ഞിരുന്നില്ല.”

അടിമയും അസ്വതന്ത്രയുമായ സ്ത്രീയ്ക്ക് പാതിവ്രത്യം നിർബന്ധമായിത്തീർന്നു. പക്ഷേ, ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥനായ പുരുഷന് അതിന്റെ ആവശ്യമില്ല. അതുകൊണ്ടാണ് ഏകപത്നീവ്യവസ്ഥയോടൊപ്പം വേശ്യാവൃത്തിയും തലപൊക്കിയത്.

ഏംഗൽസ് എഴുതുന്നു:

> “തുടരെത്തുടരെ വന്ന വിവാഹരീതികളുടെ വളർച്ചയോടൊപ്പം ഒരു സവിശേഷസംഭവവികാസം പ്രത്യക്ഷപ്പെടുന്നതായി നാം കാണുന്നു. കൂട്ടുവിവാഹത്തിനു കീഴിൽ, സ്ത്രീയ്ക്കുള്ള ലൈംഗികസ്വാതന്ത്ര്യം അധികമധികം അപഹരിയ്ക്കപ്പെടുന്നു; പക്ഷേ, പുരുഷനുള്ളത് ഇല്ലാതാവുന്നില്ല. വാസ്തവം പറയുകയാണെങ്കിൽ പുരുഷനെ സംബന്ധിച്ചിടത്തോളം ഇന്നും യഥാർത്ഥ കൂട്ടുവിവാഹമാണ് നിലവിലുള്ളത്. സ്ത്രീയെ സംബന്ധിച്ച് ഗൗരവമായ ഭവിഷ്യത്തുകൾക്കിടയാക്കുന്ന, നിയമപരമായും സാമൂഹ്യാചാരസംബന്ധമായും നിഷിദ്ധമായകുറ്റം, പുരുഷനെ സംബന്ധിച്ചിടത്തോളം ഒന്നുകിൽ ഒരന്തസ്സാണ്, അല്ലെങ്കിൽ എളുപ്പത്തിൽ പൊറുക്കേണ്ടതായ ഒരു ചെറിയ അസാന്മാർഗികത്വം മാത്രമാണ്. എന്നാൽ, പ്രാചീനകാലത്തെ പ്രഭുത്വസമുദായം പോയി ഇന്നത്തെ മുതലാളിത്ത ചരക്കുനിർമാണം നിലവിൽവരുന്നതിന്റെ ഫലമായി, ഈ മാറ്റത്തോടുകൂടിതന്നെ, പണ്ടത്തെ പുരുഷമേധാവിത്വം പരസ്യമായ വ്യഭിചാരത്തിനു വഴിമാറിക്കൊടുക്കുന്നു; അതിന്റെ ഫലമായി സമുദായത്തിന്നകത്തു വമ്പിച്ച സാന്മാർഗ്ഗികാധഃപതനം വന്നുകൂടുന്നു. യഥാർഥത്തിൽ സ്ത്രീകളേക്കാളെത്രയോ അധികം പുരുഷൻമാരിലാണ് ഈ സാന്മാർഗികാധഃപതനം സംഭവിയ്ക്കുന്നത്. വ്യഭിചാരത്തിന്റെ ഫലമായി സ്ത്രീകളുടെ ഇടയിൽ അധഃപതിയ്ക്കുന്നത് നിർഭാഗ്യവതികളായ വ്യഭിചാരിണികൾ മാത്രമാണ്; അതും സാധാരണ വിശ്വസിയ്ക്കപ്പെടുവരുന്നത്രതന്നെയില്ലതാനും. നേരെ മറിച്ചും പുരുഷൻമാരെക്കുറിച്ച പറയുകയാണെങ്കിൽ, പുരുഷവർഗത്തെയാകെയാണ് വ്യഭിചാരം അധഃപതിപ്പിയ്ക്കുന്നത്.”

## 5 മുതലാളിത്തത്തിലെ സ്ത്രീപുരുഷബന്ധം

മുതലാളിത്തവ്യവസ്ഥയിൽ പുരുഷമേധാവിത്വവും സ്ത്രീയുടെ അടിമത്തവും അതോടൊപ്പം വ്യഭിചാരവും മൂർദ്ധന്യ ദശയിലെത്തിയിരിക്കുന്നു. മുതലാളിത്തസമുദായം ലൈംഗികമായും സാൻമാർഗികമായും എത്രത്തോളം അധഃപതിച്ചിരിക്കുന്നു എന്ന് ഒരു നൂറ്റാണ്ടു മുമ്പുതന്നെ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ നഗ്നമായി തുറന്നുകാണിക്കുകയുണ്ടായി. മാർക്സും ഏംഗെൽസും അതിൽ എഴുതുന്നു:

> “ഇന്നത്തെ കുടുംബത്തിന്റെ ബൂർഷ്വാ കുടുംബത്തിന്റെ, അടിസ്ഥാനമെന്താണ്? മൂലധനം, സ്വകാര്യലാഭം, അതിന്റെ ഏറ്റവും വളർന്നരൂപം മുതലാളിമാർക്കിടയിൽ മാത്രമേ കാണുന്നുള്ളൂ. എന്നാൽ ഇതിന്റെ മറുവശം പരസ്യമായ വ്യഭിചാരവൃത്തിയിലും തൊഴിലാളികൾക്ക് കുടുംബമില്ലാതാവലിലും കാണാം.”

മാനിഫെസ്റ്റോ തുടരുന്നു:

> “നവീന വ്യവസായത്തിന്റെ പ്രവർത്തനം മൂലം തൊഴിലാളികൾക്കിടയിലുള്ള കുടുംബബന്ധം മുറിഞ്ഞുപോകുന്നതും അവരുടെ മക്കൾ വെറും വ്യാപാരസാധനങ്ങളും തൊഴിൽ സാമഗ്രികളുമായി മാറുന്നതും കാണുമ്പോൾ കുടുംബത്തേയും വിദ്യാഭ്യാസത്തേയും കുറിച്ചും അച്ഛനമ്മമാരും മക്കളും തമ്മിലുള്ള പാവനബന്ധത്തെക്കുറിച്ചുമുള്ള മുതലാളിമാരുടെ ഘോഷം കൂടുതൽ കൂടുതൽ അറപ്പും വെറുപ്പുമുണ്ടാക്കുന്നു.”

വീണ്ടും.

> “മുതലാളി തന്റെ ഭാര്യയെ വെറുമൊരു ഉൽപാദന സാമഗ്രിയായിട്ടാണ് കാണുന്നത്... ബൂർഷ്വാരീതിയിലുള്ള വിവാഹം വാസ്തവത്തിൽ ഭാര്യമാരെ പൊതുവുടമയാക്കിവെയ്ക്കുന്ന ഒരു സമ്പ്രദായമാണ്.”

മുതലാളിത്തം വളർന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലെ സ്ത്രീപുരുഷ ബന്ധത്തെപ്പറ്റിയാണ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോവിൽ മാർക്സും ഏംഗെൽസും ഇങ്ങനെ എഴുതിയിരിക്കുന്നത്. മുതലാളിത്തം അതിന്റെ അവസാനഘട്ടമായ സാമ്രാജ്യാധിപത്യത്തിലെത്തിയപ്പോൾ സ്ത്രീപുരുഷബന്ധം കൂടുതൽ ശിഥിലമാവുകയും കൂടുതൽ അധഃപതിക്കുകയുമാണ് ചെയ്തത്. മറ്റെല്ലാ മാനുഷികമൂല്യങ്ങളെയുമെന്നപോലെ കുടുംബജീവിതത്തിന്റെ പരിപാവനതയേയും സാമ്രാജ്യാധിപത്യം നശിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ആധുനികമുതലാളിത്തത്തിന്റെ കോട്ടയായ അമേരിക്കയിലേയ്ക്കൊന്നു കണ്ണോടിച്ചാൽ ഇത് വ്യക്തമാകും.

# 6 മുതലാളിയുടെ സാന്മാർഗിക ബോധം

ഔദ്യോഗിക കണക്കുകളനുസരിച്ച് അമേരിക്കയിൽ താഴെകാണുംപ്രകാരം വിവാഹങ്ങളുടെ എണ്ണം കുറഞ്ഞുവരികയാണ് ചെയ്തിട്ടുള്ളത്.

| | |
|---|---|
| 1946 | 2290450 |
| 1947 | 1991875 |
| 1948 | 1811155 |
| 1949 | 1585440 |

എന്നുവെച്ചാൽ കൊല്ലംതോറും വിവാഹങ്ങളുടെ എണ്ണം 14 മുതൽ 15 ശതമാനംവരെ കുറഞ്ഞുകൊണ്ടുവരികയാണ്.

ക്രിസ്തുവർഷം 1900-ൽ അമേരിക്കയിൽ 7,09,000 വിവാഹങ്ങളും 55751 വിവാഹമോചനങ്ങളുമുണ്ടായി. എന്നുവെച്ചാൽ 13 വിവാഹങ്ങൾക്ക് ഒരു വിവാഹമോചനം എന്ന തോതിൽ. 1949-ൽ 1585440 വിവാഹങ്ങളും 356000 വിവാഹമോചനങ്ങളുമാണ് നടന്നത്. അതായത് നാല് വിവാഹങ്ങൾക്ക് ഒരു വിവാഹമോചനം എന്ന തോതിൽ. ഇങ്ങനെ വിവാഹങ്ങളുടെ തോത് ചുരുങ്ങിയും വിവാഹമോചനങ്ങളുടെ തോത് വർധിച്ചും വരികയാണ്.

പെൻസിൽവാനിയാ സ്റ്റേറ്റിലെ വിവാഹോപദേശക സർവീസിന്റെ ഡയറക്ടർ ക്ലിഫോർഡ് ആർ ആഡംസ് 1944-ൽ തുറന്ന് സമ്മതിക്കുകയുണ്ടായി:

> "ലോകത്തിൽ ഏറ്റവുമധികം വിവാഹങ്ങളും ഏറ്റവുമധികം വിവാഹമോചനങ്ങളും നടക്കുന്ന രാജ്യമാണ് അമേരിക്ക. ആഴ്ചതോറും 1000 വിവാഹമോചനങ്ങളാണ് നടക്കുന്നത്. ഈ നിരക്ക് വർധിച്ചുവരികയാണു താനും. 1955 ആകുമ്പോഴേയ്ക്കും അമേരിക്കയുടെ പത്തിൽ നാലു വിവാഹങ്ങളും വിവാഹമോചനത്തിലാണവസാനിയ്ക്കുക."

'അമേരിക്കൻ ജേർണൽ' എന്ന ഔദ്യോഗിക മാസികയുടെ കണക്കുകൾ പ്രകാരം അമേരിക്കയിൽ 1941-ൽ ചുരുങ്ങിയത് 5,80,000 ഗർഭഛിദ്രങ്ങൾ നടത്തപ്പെടുകയുണ്ടായി. ആധുനിക രക്ഷോപാധികളുണ്ടായിട്ടും കുറ്റകരമായ ശസ്ത്രക്രിയകൾ കാരണം കൊല്ലംതോറും 8000ത്തിലധികം അമേരിക്കൻ സ്ത്രീകൾ മരണമടയുന്നത്രേ (ഡ്രൈസൻ കാർട്ടർ എഴുതിയ പാപവും ശാസ്ത്രവും എന്ന പുസ്തകം നോക്കുക.)

അമേരിക്കയിലെ സെൻസസ്സ് ബ്യൂറോയിലെ സ്ഥിതിവിവരക്കണക്കു ഡിപ്പാർട്ടുമെൻറിന്റെ തലവനായ ഡോക്ടർ ഫാൽബെർട്ട് എൽഡൻ വെളിപ്പെടുത്തുന്നു:

> "അമേരിക്കയിൽ ജനിക്കുന്ന 12 കുട്ടികളിൽ ഒരാൾ വീതം അച്ഛനില്ലാതെയാണ് ജനിക്കുന്നത്. ഇതിന്റെ അർത്ഥം കൊല്ലംതോറും പ്രാഥമിക സ്കൂളുകളിൽ പോകുന്ന കുട്ടികളിൽ 1,70,000ത്തോളം പേർക്ക് തങ്ങളുടെ അച്ഛൻമാരുടെ പേരുകൾ പറയാൻ സാധ്യമല്ലെന്നാണ്. നിയമപ്രകാരം അവർക്ക് അച്ഛൻമാരില്ല."

ഇതാണ് മുതലാളിത്തത്തിന്റെ കുടുംബജീവിതം.

ഇന്ത്യയിലോ?

ഇന്ത്യയിലെ സ്ഥിതി എന്താണ്? ഇന്ത്യയിലെല്ലായിടത്തും ഒരേ മട്ടിലല്ല, അസമമായിട്ടാണ് സാമൂഹ്യ സാമ്പത്തിക വ്യവസ്ഥകൾ വളരുകയും മാറുകയും ചെയ്യുന്നത്. സാമൂഹിക വളർച്ചയുടെ വ്യത്യസ്തനിലവാരങ്ങളിൽ ജീവിക്കുന്ന വ്യത്യസ്ത ജനവിഭാഗങ്ങളാണ് ഇന്ത്യയിലുള്ളത്. അതുകൊണ്ടാണ് ഇന്ത്യയിൽ സ്ത്രീപുരുഷബന്ധത്തിന്റെ രൂപങ്ങളിലും വ്യത്യാസങ്ങൾ കാണപ്പെടുന്നത്.

കേരളത്തിലിപ്പോഴും പ്രാകൃത കമ്മ്യൂണിസത്തിന്റെ അവശിഷ്ടങ്ങൾ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് മാതൃമേധാവിത്വത്തിന്റെ അവശിഷ്ടങ്ങളും മറ്റു സ്റ്റേറ്റുകളെ അപേക്ഷിച്ച് കൂടുതലാണ്.

ഇന്ത്യയിലെ ചില പ്രദേശങ്ങളിൽ മത്സ്യക്കച്ചവടം, നൂൽനൂൽപ്പ്, കൊട്ടമുടയൽ മുതലായവ സ്ത്രീകളുടെ നേതൃത്വത്തിലാണ് നടക്കുന്നത്. അതുകൊണ്ട് അത്തരം പ്രദേശങ്ങളിൽ സ്ത്രീകൾക്ക് ഏറെക്കുറെ അധികാരങ്ങളും സ്വാതന്ത്ര്യങ്ങളുമുണ്ട്.

നാടുവാഴിവ്യവസ്ഥ നടമാടുന്നിടത്ത് സ്ത്രീകൾ വീട്ടിനുള്ളിൽ അടച്ചുപൂട്ടപ്പെട്ട വിൽപ്പനച്ചരക്കാണ്. വിവാഹം കഴിയ്ക്കണമെങ്കിൽ ചിലേടങ്ങളിൽ സ്ത്രീകൾക്ക് വിലകൊടുക്കണം. മറ്റു ചിലേടങ്ങളിൽ പുരുഷനു സ്ത്രീധനം കൊടുക്കണം. വിദ്യാഭ്യാസം നടത്താനോ ജോലിയെടുത്തു ജീവിക്കാനോ അവർക്കു സ്വാതന്ത്ര്യമില്ല. പട്ടിണികിടന്നു ചാവാം. പക്ഷേ, പണിയെടുക്കാൻ പാടില്ല.

19-ാം നൂറ്റാണ്ടിന്റെ അവസാനംവരെയും ഭർത്താവ് മരിച്ചാൽ ഭാര്യ ചിതയിൽ (ഉടന്തടി) ചാടി മരിക്കണമെന്ന നിയമം വടക്കേ ഇന്ത്യയിലെ പല സ്ഥലങ്ങളിലും നിലനിന്നിരുന്നു. ഇപ്പോളതില്ല, എങ്കിലും ഭർത്താവ് മരിച്ചാൽ ഭാര്യ തല മൊട്ടയടിക്കണമെന്നും ഇഹലോകസുഖങ്ങളെല്ലാം ത്യജിച്ച് എന്നെന്നും വിധവയായി കഴിച്ചുകൂടണമെന്നും മറ്റുമുള്ള നിയമങ്ങൾ ഇപ്പോഴുമുണ്ട്.

ഫ്യൂഡൽ വ്യവസ്ഥകൾക്ക് ഇളക്കം തട്ടുകയും മുതലാളിത്തം വളരാൻ തുടങ്ങുകയും ചെയ്തതോടുകൂടി ഇന്ത്യയിലെ പല സമുദായപരിഷ്കർത്താക്കളും സ്ത്രീയുടെ അടിമത്തത്തിനെതിരായി ശബ്ദമുയർത്തുകയുണ്ടായി. ശൈശവവിവാഹത്തിനെതിരായും വിധവാവിവാഹം, സ്ത്രീ വിദ്യാഭ്യാസം സ്ത്രീകളുടെ സ്വാതന്ത്ര്യം മുതലായവയ്ക്കുവേണ്ടിയും അവർ പ്രചാരവേല ചെയ്തു. രാജാറാംമോഹൻ റോയി, സ്വാമി വിവേകാനന്ദൻ മുതലായ മഹാൻമാരുടെ പ്രവർത്തനങ്ങൾ ഇതിനുദാഹരണമാണ്.

മുതലാളികൾക്ക് അടിമകളെയല്ല, തൊഴിലാളികളെയാണവശ്യം. തങ്ങൾക്ക് ലാഭം കിട്ടണമെങ്കിൽ പുരുഷൻമാരെപ്പോലെത്തന്നെ സ്ത്രീകളും അധ്വാനശക്തി വിൽക്കാൻ മാർക്കറ്റിൽ വരണമെന്നാണവരാഗ്രഹിക്കുന്നത്. സ്ത്രീകളുടെ അധ്വാനശക്തി പുരുഷൻമാരുടേതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് വാങ്ങാൻ സാധിക്കുമെന്നവർക്കറിയാം. അതുകൊണ്ടാണവർ ഫ്യൂഡൽ ആചാരങ്ങൾക്കും ഫ്യൂഡൽ ആശയങ്ങൾക്കും എതിരായി പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചത്.

# 7 ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യങ്ങൾ

പക്ഷേ, സ്ത്രീക്ക് യഥാർഥമായ സ്വാതന്ത്ര്യങ്ങൾ നൽകാൻ മുതലാളിത്തത്തിനു സാധ്യമല്ല. മറ്റെല്ലാ രാജ്യങ്ങളുടേയുമെന്നപോലെ ഇന്ത്യയുടെ സ്ഥിതിയും അതാണ് കാണിയ്ക്കുന്നതും. സ്ത്രീയ്ക്കും പുരുഷനും തുല്യമായ പദവി നൽകേണ്ടതാവശ്യമാണെന്ന് നമ്മുടെ ഭരഘടന സമ്മതിക്കുന്നുണ്ട്. പക്ഷേ, യാഥാർത്ഥ്യമെന്താണ്? പുരുഷനായ തൊഴിലാളിയ്ക്ക് കിട്ടുന്നത്ര കൂലി സ്ത്രീ തൊഴിലാളിയ്ക്ക് കിട്ടുന്നില്ല. ഭൂരിപക്ഷം സ്ത്രീകൾക്കും പിതാവിന്റെ സ്വത്തുക്കളുടെ മേൽ അവകാശമില്ല. ആൺമക്കൾക്കേ പിന്തുടർച്ചാവകാശമുള്ളു. പുരുഷന് എത്ര സ്ത്രീകളെവേണമെങ്കിലും വെപ്പാട്ടികളാക്കി വെയ്ക്കാം. സ്ത്രീയ്ക്ക് വിവാഹമോചനത്തിനുള്ള സ്വാതന്ത്ര്യം പോലുമില്ല.

വാസ്തവത്തിൽ... ഇന്ത്യയിലും മുതലാളിത്തത്തിന്റെ വളർച്ചയോടൊപ്പം സ്ത്രീ കൂടുതൽ അധഃപതിക്കുകയാണ് ചെയ്തത്. കുടുംബങ്ങൾ കൂടുതൽ ശിഥിലമാകുകയാണുണ്ടായത്. വ്യഭിചാരവും സിഫലിസ്സവും മറ്റു വൃത്തികേടുകളും മുമ്പൊരിയ്ക്കലുമുണ്ടായിട്ടില്ലാത്ത വിധം പരന്നുപിടിക്കുകയാണ് ചെയ്തത്. പട്ടിണിയും തൊഴിലില്ലായ്മയും വർധിയ്ക്കുംതോറും കുടുംബബന്ധങ്ങൾ ഏറ്റവുമധികം പൊട്ടിത്തകരുന്നു.

മുതലാളിത്തം ലക്ഷക്കണക്കിലുള്ള കൃഷിക്കാരെ പാപ്പരത്തത്തിലേക്കു പിടിച്ചുതള്ളി. പക്ഷേ, അവർക്കു ജോലികൊടുക്കാൻ മുതലാളിത്തത്തിനു സാധ്യമല്ല. അങ്ങനെ പതിനായിരക്കണക്കിനു സ്ത്രീകളും പുരുഷൻമാരും ഉൾനാടുകളിൽ നിന്ന് പട്ടണപ്രദേശങ്ങളിലേക്ക് ഒഴുകിവരുന്നു. അവർക്കു കുടുംബമില്ല. മുതലാളിത്തം അവരുടെ കുടുംബബന്ധങ്ങളെയെല്ലാം തകർത്തുകഴിഞ്ഞിരുന്നു. കോഴിക്കോട് തുടങ്ങിയ പട്ടണങ്ങളിലേയ്ക്കൊന്ന് കണ്ണോടിച്ചാൽ ഇത് വ്യക്തമാകും. ഹിന്ദുവെന്നോ, മുസ്ലീമെന്നോ, ക്രിസ്ത്യാനിയെന്നോ വ്യത്യാസമില്ലാതെ ആയിരക്കണക്കിന് സ്ത്രീകളും പുരുഷൻമാരും സ്ത്രീകളും നിരത്തുവക്കുകളിൽ, പീടികക്കോലായിൽ, ഇടവഴികളിൽ കഴിച്ചുകൂട്ടുന്നു. ഇലക്ട്രിക്ക് വിളക്കുകൾക്കിടയിലുള്ള അന്ധകാരത്തിൽ എല്ലാത്തരം ദുർഗന്ധങ്ങളേയും വമിച്ചുകൊണ്ട് ഞെട്ടിപ്പിയ്ക്കുന്ന യാഥാർത്ഥ്യങ്ങൾ പതിയിരിയ്ക്കുന്നു.

വലിയ പട്ടണങ്ങൾ കൂടുതൽ ദയനീയങ്ങളും കൂടുതൽ ഭീകരങ്ങളുമാണ്. സാക്ഷാൽ ഡൽഹിയിലൊന്നു പോയിനോക്കൂ. പ്രസിഡൻറിന്റെ യും പ്രധാനമന്ത്രിയുടെയും ഹർമ്മ്യങ്ങളും പാർലമെൻറ് മന്ദിരവും മറ്റും മറ്റും സ്ഥിതിചെയ്യുന്ന ന്യൂഡൽഹിയുടെ അതിർത്തിപ്രദേശങ്ങളിൽ, പഴയ ഡെൽഹിയിൽ, റോഡുനീളെ സ്ത്രീകൾ സ്വന്തം ശരീരം വിൽക്കാൻ വേണ്ടി നിൽക്കുന്ന കാഴ്ച ഏതു മനുഷ്യസ്നേഹിയേയും ഞെട്ടിപ്പിയ്ക്കാതിരിക്കില്ല. അവർക്കിടയിൽ എല്ലാ ജാതിക്കാരുമുണ്ട്. എല്ലാ മതക്കാരുമുണ്ട്, എല്ലാ ദേശക്കാരുമുണ്ട്.

അവർ കച്ചവടച്ചരക്കുകളാണ്. മുതലാളിയുടെ നേതൃത്വത്തിലാണ് കച്ചവടം നടക്കുന്നത്. കിട്ടുന്ന ലാഭത്തിന്റെ ചെറിയൊരംശം ആർഷഭാരതത്തിന്റെ ഖജനാവിലേയ്ക്കു നികുതിയടയ്ക്കണമെന്നു മാത്രം!

# 8 കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെ അർത്ഥം

ദുസ്സഹവും ഹൃദയഭേദകവുമായ ഈ വൃത്തികേടുകളുടെയും ബീഭത്സതകളുടേയും ഒത്തനടുക്കനിന്നുകൊണ്ടാണ് കമ്മ്യൂണിസ്റ്റ് വിരോധികളായ മുതലാളികളുടേയും ജൻമികളുടെയും ഏജൻറുകൾ മുക്രയിടുന്നത്. കമ്മ്യൂണിസ്റ്റുകാർ സദാചാരബോധത്തെ എതിർക്കുന്നു എന്ന്.

കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നാൽ തങ്ങളുടെ നിയന്ത്രണത്തിലുള്ള വേശ്യാവ്യാപാരവും സ്ത്രീകളെ വിറ്റ് ലാഭമുണ്ടാക്കലും മറ്റുമവസാനിയ്ക്കുമെന്നും തങ്ങൾ സാൻമാർഗ്ഗികബോധം എന്നു പേരിട്ടിട്ടുള്ള വൃത്തികേടുകളെല്ലാം അന്തർദ്ദാനം ചെയ്യുമെന്നും അവർ ഭയപ്പെടുന്നു. മുതലാളിത്തവും സ്വകാര്യസ്വത്തുടമയുടെ കൂടപ്പിറപ്പായ വേശ്യാവൃത്തിയും എന്നെന്നും നിലനിർത്താനാഗ്രഹിക്കുന്നതുകൊണ്ട് അവർ കമ്മ്യൂണിസത്തെ തുടച്ചുനീക്കണമെന്നും മറ്റുമുള്ള ഉറക്കപ്പിച്ചുകൾ പറയുന്നു.

മുതലാളികളും ജന്മികളും അവരുടെ ഏജൻറുമാരും എന്തൊക്കെത്തന്നെ പറഞ്ഞാലും മനുഷ്യത്വത്തെ ശ്വാസംമുട്ടിക്കുന്ന ഇന്നത്തെ വൃത്തികേടുകൾ നശിപ്പിയ്ക്കണമെന്ന് കമ്മ്യൂണിസ്റ്റുകാർക്ക് നിർബന്ധമുണ്ട്.

പക്ഷേ, ഈ വൃത്തികേടുകൾ അവസാനിപ്പിയ്ക്കാൻ കഴിയുമോ? മനുഷ്യോചിതമായ സ്ത്രീപുരുഷബന്ധങ്ങളും സ്നേഹമസൃണമായ കുടുംബജീവിതവും കെട്ടിപ്പടുക്കാൻ കഴിയുമോ?

# 9 സോഷ്യലിസത്തിലെ സ്ത്രീപുരുഷബന്ധം

ഈ ചോദ്യത്തിന് 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽത്തന്നെ മാർക്സും ഏംഗൽസും മറുപടി നൽകുകയുണ്ടായി. കമ്മ്യൂണിസ്റ്റുകാർ സ്ത്രീകളെ പൊതുസ്വത്താക്കുന്നവരാണ് എന്നും മറ്റുമുള്ള അസംബന്ധങ്ങളുടെ തൊലിയുരിച്ചു കാണിച്ചുകൊണ്ട് തങ്ങളുടെ സുപ്രസിദ്ധമായ 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ'യിൽ അവരെഴുതി:

> "മുതലാളി തന്റെ ഭാര്യയെ വെറുമൊരു ഉൽപാദനസാമഗ്രിയായിട്ടാണ് കാണുന്നത്. എല്ലാ ഉൽപാദനോപകരണങ്ങളും പൊതുസ്വത്തായി ഉപയോഗിക്കണമെന്ന് അയാൾ കേൾക്കുന്നു. അപ്പോൾ സ്വാഭാവികമായി പൊതുസ്വത്തായിത്തീരേണ്ട തലയിലെഴുത്ത് സ്ത്രീകൾക്കും ബാധകമാവുമെന്നല്ലാതെ, അയാൾക്ക് അതിൽ നിന്നും മറ്റൊന്നും ധരിയ്ക്കാനാവുന്നില്ല. സ്ത്രീകൾ വെറും ഉൽപാദനോപകരണങ്ങളായിരിക്കുകയെന്ന ഇന്നത്തെ നിലയെ അവസാനിപ്പിക്കുകയെന്നതാണ് യഥാർഥ ലക്ഷ്യമെന്ന് മുതലാളിക്കു ചിന്തിക്കാനേ കഴിയുന്നില്ല. ഇന്നത്തെ ഉൽപാദന സമ്പ്രദായം അവസാനിച്ചാൽ, അതിന്റെ തന്നെ സന്തതിയായ സ്ത്രീകളുടെ പൊതുവുടമയും രഹസ്യവും-പരസ്യവുമായ വ്യഭിചാരവും — അവസാനിയ്ക്കുമെന്നതു വ്യക്തമാണ്."

"കുടുംബത്തിന്റെ ഉത്ഭവം" എന്ന തന്റെ സുപ്രസിദ്ധമായ ഗ്രന്ഥത്തിൽ ഏംഗെൽസ് ഇങ്ങിനെയും എഴുതുന്നു:

> "നാമിപ്പോൾ സമീപിക്കാൻ തുടങ്ങിയ സാമൂഹ്യവിപ്ലവം ഇതേവരെ നിലനിന്നിരുന്ന ഏക പതീ വ്യവസ്ഥയുടെ സാമ്പത്തികാടിസ്ഥാനം തന്നെ ഇല്ലാതാക്കും; അതോടൊപ്പം ഈ വിവാഹബന്ധത്തിന്റെ കൂട്ടുകാരനായ വ്യഭിചാരത്തേയും ഇല്ലാതാക്കും. വമ്പിച്ച സ്വത്തുക്കൾ ഒരാളുടെ അതും ഒരു പുരുഷന്റെ കയ്യിൽ കുന്നുകൂടുകയെന്നതിൽ നിന്നാണ്, ഈ കുന്നുകൂടിയ സ്വത്തുക്കൾ ആ മനുഷ്യന്റെ മക്കൾക്കുമാത്രം പിന്തുടർച്ചാവകാശമായി നൽകുന്നതിന്റെ ആവശ്യകതയിൽ നിന്നാണ്, ഏകപതീവ്യവസ്ഥ ഉയർന്നുവന്നത്. ഇതിന് ഒരു സ്ത്രീക്ക് ഒരു ഭർത്താവേ ഉണ്ടാവാൻ പാടുള്ളൂ എന്നത് നിർബന്ധമാണ്. എന്നാൽ ഒരു പുരുഷന് ഒരു ഭാര്യയേ ഉണ്ടാവാൻ പാടുള്ളുവെന്ന് നിർബന്ധമില്ല. വരാൻ പോകുന്ന സാമൂഹ്യവിപ്ലവമാവട്ടെ, ഉൽപാദനോപകരണങ്ങളെ — അവയാണല്ലോ ശാശ്വതവും പിന്തുടർച്ചാവകാശ പ്രകാരം കൈമാറ്റപ്പെടാവുന്നതുമായ സ്വത്തുക്കളിലധികവും — പൊതുമുതലാക്കുന്ന വിപ്ലവമാണ്; അതുകൊണ്ട് പിന്തുടർച്ചാവകാശത്തെ സംബന്ധിച്ചുള്ള ഈ നിഷ്കർഷ ഇന്നത്തെക്കാളെത്രയോ കുറയും.
>
> "അപ്പോൾ സാമ്പത്തിക കാരണങ്ങളുടെ ഫലമായി ഉയർന്നുവന്ന ഏകപതീവ്യവസ്ഥ ഈ കാരണങ്ങളില്ലാതാവുമ്പോൾ അന്തർദ്ധാനം ചെയ്യുമോ? ഇതിനു ന്യായമായും ഇങ്ങിനെ മറുപടി പറയാം; ഏകപതീവ്യവസ്ഥ ഇല്ലാതാവുകയല്ല, മനുഷ്യസമുദായചരിത്രത്തിലാദ്യമായി ഏകപതീവ്യവസ്ഥ പൂർണ്ണമായിത്തീരുകയാണ് ചെയ്യുക. എന്തുകൊണ്ടെന്നാൽ, ഉൽപാദനോപകരണങ്ങൾ പൊതുസ്വത്താകുന്നതോടുകൂടി കൂലിവേല ഇല്ലാതാവുന്നു, അപ്പോൾ ഒരുവിഭാഗം സ്ത്രീകൾക്ക് ചാരിത്ര്യം വിറ്റ് ജീവിക്കുന്നതിന്റെ ആവശ്യവും ഇല്ലാതാവുന്നു. ഇങ്ങിനെ വ്യഭിചാരം ഇല്ലാതാകുമ്പോൾ ഏകപതീവ്യവസ്ഥ തകരുകയില്ല, യഥാർത്ഥമായ ഏകഭാര്യത്വമനുസരിയ്ക്കാൻ പുരുഷൻമാർ നിർബന്ധരാവുകയാണ് ചെയ്യുക."

മാർക്സിന്റെയും ഏംഗൽസിന്റെയും ഈ പ്രവചനം ഇന്ന് ലോകത്തിന്റെ മൂന്നിലൊന്ന് ഭാഗത്ത് ജീവനുള്ള ഒരു യാഥാർഥ്യമാണ്. സോവിയറ്റ് യൂണിയനിലേക്ക് നോക്കൂ, ജനകീയ ചീനയിലേക്ക് നോക്കൂ, കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ നേതൃത്വത്തിൽ സോഷ്യലിസം കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്ന പന്ത്രണ്ട് രാജ്യങ്ങളിലേക്ക് നോക്കൂ. വ്യഭിചാരം തുടങ്ങിയ വൃത്തികേടുകൾ തുടച്ചുനീക്കിക്കൊണ്ട് ഏകഭാര്യാത്വത്തിന്റെയും ഏകഭർതൃത്വത്തിന്റെയും അടിസ്ഥാനത്തിലുയർന്നുവന്നിട്ടുള്ള ഉൽകൃഷ്ടവും സ്നേഹസമ്പന്നവുമായ പുതിയൊരു സ്ത്രീപുരുഷബന്ധത്തെ അവിടെ നിങ്ങൾക്ക് കാണാം. □

(ദേശാഭിമാനി വാർഷികപതിപ്പ്, 1955.)

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 3

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. സാമൂഹ്യ പരിവർത്തനങ്ങൾ
2. രണ്ടു ലോകങ്ങൾ
3. വ്യക്തിയും പ്രസ്ഥാനവും
4. സ്ത്രീയും പുരുഷനും
5. ധാർമ്മിക മൂല്യങ്ങൾ
6. മാർക്സിസവും ഭൗതികവാദവും
7. മാർക്സിസവും മതവിശ്വാസവും
8. യേശുക്രിസ്തു മോസ്കോവിൽതന്നെ
9. ക്രിസ്തുവിന്റെ ഭക്തനോ ശത്രുവോ?
10. പ്രാർത്ഥനയും സാന്മാർഗ്ഗികബോധവും
11. പള്ളിക്കൂടത്തിലെ പ്രാർത്ഥന
12. അടിമത്തവും ക്രിസ്ത്യാനികളും
13. മാർക്സ് മുതൽ സ്റ്റാലിൻ വരെ
14. ലെനിന്റെ സംഭാവനകൾ
15. ഒക്ടോബർ വിപ്ലവത്തിന്റെ നേതൃശക്തി
16. തത്വവും പ്രയോഗവും തമ്മിലുള്ള വിടവുനീക്കണം


### വെബ് പതിപ്പ് കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014